(എ) സഹകാര്യ സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽനിന്നും അന്യായമായി ഫണ്ട് പിരിച്ചു വരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഫണ്ട് പിരിവ് ഫലപ്രദമായി തടയാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ബ്രാഞ്ചുകൾ

869 [1341] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. കെ. സുകുമാരനുണ്ണി:

ശ്രീ. എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ കീഴിൽ ഇപ്പോൾ എത്ര ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ബ്രാഞ്ചിലും തുടങ്ങിയിട്ടുള്ള ചിട്ടികൾ എത്ര; സല എത്ര;

(സി) ചിട്ടി വകയിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക ഓരോ ബ്രാഞ്ചിലും എത്ര? അതിൽ ലേലം പിടിച്ച ചിട്ടിയുടെ കുടിശ്ശിക എത്ര;

(ഡി) ഹയർ പർച്ചേസ് ഇനത്തിൽ ഓരോ ബ്രാഞ്ചിലും പിരിഞ്ഞു കിട്ടേണ്ട തുക എന്ത്?

ഉത്തരം

(എ) മുപ്പത് (30)

(ബി) കേരളാ സ്റേറേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ആകെ 890 ചിട്ടികൾ റജിസ്റർ ചെയ്തിട്ടുണ്ട്. അതിൽ 545 എണ്ണം വട്ടമുറ്റിയായി. ഇപ്പോൾ 345 എണ്ണം നടന്നുകൊണ്ടിരിക്കുന്നു. ഓരോ ബ്രാഞ്ചിനേയും സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) കുടിശ്ശികയിനത്തിൽ 1-3-1979 വരെ 1,40,00,022.98 രൂപാ പിരിഞ്ഞു കിട്ടാനുണ്ട്. ഓരോ ബ്രാഞ്ചിനേയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly